**<u>തദ്ദേശസ്വയംഭരണ വകുപ്പ് പ്ലാനിംഗ്</u>**
**<u>ജില്ലാ നഗരാസൂത്രണ കാര്യാലയം, തിരുവനന്തപുരം</u>**
**<u>ജില്ലാ ടൗൺപ്ലാനറുടെ നടപടിക്രമങ്ങൾ</u>**

-

വിഷയം:- ജില്ലാ നഗരാസൂത്രണ കാര്യാലയം, തിരുവനന്തപുരം -കാട്ടാക്കട ഗ്രാമപഞ്ചായത്ത്- കുളത്തുമ്മൽ വില്ലേജിൽ -church building- ന്റെ നിർമ്മാണം - കെട്ടിടങ്ങളുടെ ലേ ഔട്ടിനും സ്ഥലത്തിന്റെ ഉപയോഗ ത്തിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

സൂചന:- 1. കാട്ടാക്കട ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 01/01/2021 തീയതിയിലെ എ 3-9897/ 2021 നമ്പർ കത്ത്

2. Rev. Fr. INDAFONSA 06/04/2022 - ൽ സമർപ്പിച്ച അപേക്ഷ

**<u>ഉത്തരവ് നമ്പർ TCPTVM/13/2022-D തീയതി 27/04/2022</u>**

കാട്ടാക്കട ഗ്രാമപഞ്ചായത്തിൽ കുളത്തുമ്മൽ വില്ലേജിൽ റീ സർവ്വേ നമ്പർ 33/5 - ൽ ഉൾപ്പെട്ട 1 ഹെക്ടർ 80 sq.m പ്ലോട്ടിനുള്ളിൽ 1334.78 sqm വിസ്തൃതിയിൽ നിലവിലുള്ള കെട്ടിടങ്ങൾക്കു പുറമെ 1819.96 ച.മി built up area ഉള്ളതും ground floor, basement floor, toilet, W/C & urinal എന്നിവ ഉൾപ്പെടുന്ന church building ന്റെ നിർമ്മാണം ഉൾപ്പെടെ ആകെ 3154.74 built up area ഉള്ള കെട്ടിടങ്ങൾ ഉൾപ്പെടുന്ന പ്ലോട്ടിന് ലേഔട്ട് അനുമതിക്കായി സമർപ്പിച്ച അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന നിബന്ധനകൾക്കു വിധേയമായി കെട്ടിടങ്ങളുടെ ലേഔട്ടിനും സ്ഥലത്തിന്റെ ഉപയോഗത്തിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

**<u>നിബന്ധനകൾ</u>**

1. നിർമ്മാണം KPBR-2019 നും അനുബന്ധ ഭേദഗതികൾക്കും, ബാധകമായ മറ്റു നിയമങ്ങൾക്കും വിധേയമാക്കേണ്ടതാണ്.
2. നിർമ്മാണ സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച രേഖകൾ, ഉടമസ്ഥത, അതിരുകൾ, അളവുകൾ എന്നിവ സെക്രട്ടറി പരിശോധിച്ച് ശരിയാണെന്ന് ഉറപ്പു വരുത്തേണ്ടതാണ്.
3. പ്രസ്തുത സ്ഥലത്തു നിർമ്മാണ നിയന്ത്രണങ്ങൾ ഒന്നും ഇല്ല എന്ന് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ഉറപ്പു വരുത്തേണ്ടതാണ്.

4. നിർമ്മാണ സ്ഥലത്തിത്തിൽ നിലം, പുറമ്പോക്ക് എന്നിവ ഉൾപ്പെടുന്നില്ല എന്ന് സെക്രട്ടറി കർശനമായി ഉറപ്പ് വരുത്തേണ്ടതാണ്.
5. സ്വാഭാവിക ജല നിർഗമന മാർഗ്ഗങ്ങൾ അടഞ്ഞു പോകാതെ, നിർദ്ദിഷ്ട ലേ-ഔട്ടിൽ ഡ്രെയിനേജിനുള്ള സൗകര്യം നൽകേണ്ടതാണ്. പ്രസ്തുത ലേ-ഔട്ടിൽ നിന്നുള്ള ഡ്രെയിനേജ് (മഴവെള്ളം/മലിനജലം) പരിസരവാസികൾക്ക് ദോഷമുണ്ടാകാതിരിക്കാനുള്ള സൗകര്യങ്ങൾ നൽകേണ്ടതാണ്. കൂടാതെ KPBR 2019 ചട്ടം 26(8) പ്രകാരം ഉറസ്സായ സ്ഥലത്തിന്റെ 50% കുറയാതെയുള്ള ഭാഗം മഴവെള്ളം മണ്ണിലേക്കിറങ്ങാൻ പാകത്തിന് ക്രമീകരിക്കേണ്ടതാണ്.
6. KPBR 2019 ചട്ടം 42 പ്രകാരം അംഗപരിമിതർക്കായുള്ള എല്ലാ വ്യവസ്ഥകളും പാലിച്ചു കൊണ്ട് നിർമ്മാണം നടത്തേണ്ടതാണ് എന്ന് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്.
7. KPBR 2019 ചട്ടം 79 ന അനുസൃതമായ മാലിന്യ നിർമ്മാർജ്ജന സംവിധാനം നൽകിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പു വരുത്തേണ്ടതാണ്.
8. Pollution Control Board, ഫയർ തുടങ്ങിയ ഏജൻസികളിൽ നിന്ന് ആവശ്യമായ അനുമതികൾ നേടിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്.
9. പ്ലാനിൽ നൽകിയിട്ടുള്ള വിധം ചട്ടപ്രകാരമുള്ള പ്രായോഗികമായ പാർക്കിങ് പ്ലോട്ടിൽ ലഭ്യമാക്കിയിട്ടുണ്ടെന്നും പാർക്കിങ്ങിനായി മാറ്റി വച്ചിട്ടുള്ള സ്ഥലം ഭാവിയിൽ മറ്റാവശ്യങ്ങൾക്കുപയോഗിക്കുന്നില്ല എന്നും സെക്രട്ടറി ഉറപ്പാക്കേണ്ടതാണ്. KPBR 42 (5)(b) പ്രകാരമുള്ള പാർക്കിംഗ് സൗകര്യങ്ങൾ നൽകുന്നുണ്ടെന്ന് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്.
10. നിർദ്ദിഷ്ട നിർമ്മാണം മൂലം പ്ലോട്ടിൽ നിലവിലുള്ള കെട്ടിടത്തിൻറെ/സമീപ പ്ലോട്ടിലുള്ള കെട്ടിടത്തിൻറെ സുരക്ഷയെ ബാധിക്കുന്നില്ല എന്നും സെക്രട്ടറി ഉറപ്പാക്കേണ്ടതാണ്.
11. KPBR 2019 ചട്ടം 76(3) പ്രകാരം നിർദ്ദിഷ്ട നിർമ്മാണത്തിനു ചുറ്റും അനുയോജ്യമായ മരങ്ങൾ നടേണ്ടതാണ്.
12. KPBR 2019 ചട്ടം 29(12) പ്രകാരമുള്ള വ്യവസ്ഥ പാലിക്കപ്പെടേണ്ടതാണ്

13 സൈറ്റ് പ്ലാനിൽ പൊളിച്ചുനീക്കുവാനെന്ന് കാണിച്ചിരിയ്ക്കുന്ന കെട്ടിടങ്ങൾ പൊളിച്ചു മാറ്റേണ്ടതാണ് എന്നും സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനു ശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളൂ.

**16/2022 നമ്പരായുള്ള അംഗീകരിച്ച ലേഔട്ട് പ്ലാൻ (ഒരു സെറ്റ്) ഇതോടൊപ്പം അയയ്ക്കുന്നു.**

ANJU W.C
DEPUTY TOWN PLANNER
TOWN PLANNER (i/c)

ഉള്ളടക്കം: മേൽപ്രസ്താവിതം

സ്വീകർത്താവ്: സെക്രട്ടറി
കാട്ടാക്കട ഗ്രാമപഞ്ചായത്ത്

പകർപ്പ്: 1) അപേക്ഷകൻ,(അറിവിലേയ്ക്കായി)
Rev. Fr. Indafonsa
St.Antony's Church
Roman Catholic
Neyyattinkara P.O.
2) കരുതൽ ഫയൽ
3)ഫയൽ.